"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ-റവന്യൂ വകുപ്പിലെ ഭൂരേഖകളുടെ പരിപാലനം (LRM)- തഹസീൽദാർക്ക്(ഭൂരേഖ) അധിക ചുമതല നൽകി, സ.ഉ(എം.എസ്)നം. 303/2017/റവ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(ഇ)വകുപ്പ്**

സ.ഉ.(കൈ) നം.190/2026/RD    തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-

1. 26/08/2017ലെ സ.ഉ(എം.എസ്)നം.303/2017/റവ നം.ഉത്തരവ്
2. 06.08.2018ലെ സ.ഉ(കൈ)നം285/2018/റവ നം.ഉത്തരവ്
3. കോട്ടയം ജില്ല കളക്ടറുടെ 27/07/2023ലെ CKTM/2017/2023-A3 നം റിപ്പോർട്ട്
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 10-10-2023ലെ LR 10225/-LR(D5)/2023 നം കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം താലൂക്ക് ഓഫീസ് സർവ്വെ വിഭാഗത്തിലെ ജീവനക്കാർ ജോലിയിൽ തികഞ്ഞ അലംഭാവം കാട്ടുന്നുവെന്നും, സർവ്വെ വിഭാഗത്തിൽ ജോലി ചെയ്യുന്ന താലൂക്ക് സർവ്വെയർമാരുടെ കൈവശം ആയിരത്തിലധികം ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നുവെന്നും തുടങ്ങിയ ആരോപണങ്ങളിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം എൽ.ആർ.എം വിഭാഗത്തിലെ ജീവനക്കാരുടെ ഭരണപരമായതും ജോലി സംബന്ധമായതുമായ നിയന്ത്രണം തഹസീൽദാർ (ഭൂരേഖ)ക്കാണെന്നും, നിലവിൽ താലൂക്കുകളിലെ സർവ്വേയർ ഉൾപ്പെടെയുള്ള ഫീൽഡ് ജീവനക്കാരുടെ ഡയറി ഹെഡ് സർവേയർ വരെ മാത്രമേ കാണുന്നുള്ളൂ എന്നും ആയത് ഹെഡ് സർവേയർ വഴി തഹസീൽദാർ വരെ കാണുന്നത് ഉചിതമായിരിക്കുമെന്നും പ്രതിപാദിച്ചു കൊണ്ട് പരാമർശം (3) പ്രകാരം കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽആർഎം വിഭാഗത്തിലെ

ജീവനക്കാരുടെ ഭരണപരമായതും ജോലി സംബന്ധമായതുമായ നിയന്ത്രണം തഹസീൽദാർ (ഭൂരേഖ)ക്കായതിനാൽ, "താലൂക്കുകളിലെ സർവ്വേയർ ഉൾപ്പെടെയുള്ള ഫീൽഡ് ജീവനക്കാരുടെ ടൂർ ഡയറി ഹെഡ് സർവേയർ മുഖേന തഹസീൽദാർ (ഭൂരേഖ) പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്" എന്ന് **ക്രമനമ്പർ 19** - ആയി ഉൾപ്പെടുത്തി പരാമർശം (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
സർവെ ഡയറക്ടർ, തിരുവനന്തപുരം.
റവന്യൂ (ഡിബി) വകുപ്പ്.
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(റവ-ഇ1/18/2026-റവ)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ
Signed by
Krishna Kumar G R
Date: 15-06-2026 10:50:58